പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1485 13.07.2011 ൽ മറുപടിയ്ക്ക്

ഊർജ്ജ ഉൽപ്പാദനത്തിനായി പദ്ധതികൾ

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | | മറുപടി<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ഊർജ്ജ ഉൽപ്പാദനത്തിനായി കേരളം സമർപ്പിച്ച എത്ര പദ്ധതികൾ ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ട് ;<br><br>(ബി) അവ ഏതെല്ലാമാണ് ; | (എ) & (ബി) | ഊർജ്ജ ഉൽപ്പാദനത്തിനായി കേരളം കേന്ദ്രത്തിൽ സമർപ്പിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു (കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽ ഉള്ളവ)<br>1. അച്ചൻകോവിൽ ജലവൈദ്യുത പദ്ധതി 30 MW.<br>2. പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി 6 MW.<br>3. തോട്ടിയാർ ജലവൈദ്യുത പദ്ധതി 40 MW.<br>4. പാമ്പാർ ജലവൈദ്യുത പദ്ധതി 40 MW.<br>5. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി 163 MW.<br>6. ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി 7.50 MW.<br>7. പാത്രക്കടവ് ജലവൈദ്യുത പദ്ധതി 70 MW.<br>8. പൂയംകുട്ടി ജലവൈദ്യുത പദ്ധതി 210 MW. |
| (സി) അനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാമാണ്; | (സി) | ഒരു പദ്ധതിയ്ക്കും പൂർണ്ണമായ അനുമതി ലഭിച്ചിട്ടില്ല |
| (ഡി) അനുമതി ലഭിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്നും അനുമതി ലഭിക്കാത്തതിന് കാരണമെന്തെന്നും വിശദമാക്കുമോ ? | (ഡി) | വിവിധ ഘട്ടങ്ങളിൽ അനുമതി ലഭിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. അച്ചൻകോവിൽ ജലവൈദ്യുത പദ്ധതി - ഒന്നാംഘട്ടം പാരിസ്ഥിതിക അനുമതി ലഭിച്ചു. |

2. പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി - 6.47 Ha വനഭൂമി വിട്ടുകിട്ടുന്നതിനുള്ള ഒന്നാംഘട്ട അനുമതി ലഭിച്ചു.
3. തോട്ടിയാർ ജലവൈദ്യുത പദ്ധതി - 0.9996 Ha വനഭൂമി കിട്ടാനുള്ള ഒന്നാംഘട്ട അനുമതി ലഭിച്ചു. 3.8134 Ha വനഭൂമി കിട്ടുന്നതിനുള്ള എല്ലാ അനുമതികളും ലഭ്യമായിട്ടുണ്ട്.
4. പാമ്പാർ ജലവൈദ്യുത പദ്ധതി- ഒന്നാംഘട്ടം പാരിസ്ഥിതിക അനുമതി ലഭിച്ചു.
5. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി - 138.6 Ha വനഭൂമി വിട്ടുകിട്ടുന്നതിനുള്ള എല്ലാ അനുമതികളും ലഭിച്ചു. 2007 ൽ ലഭിച്ച പാരിസ്ഥിതിക അനുമതി റദ്ദുചെയ്യാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് കേന്ദ്രത്തിൽ നിന്നും ലഭിച്ചു. കാരണം കാണിക്കൽ നോട്ടീസിന് കെ.എസ്.ഇ.ബി നൽകിയ മറുപടി കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.
6. ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി - 8 Ha വനഭൂമി വിട്ടുകിട്ടുന്നതിനുള്ള എല്ലാ അനുമതികളും ലഭിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന വനം വകുപ്പ് ചില വിഷയങ്ങളിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അഭിപ്രായം തേടിക്കൊണ്ട് കത്ത് നൽകിയിരിക്കുകയാണ്.
7. പാത്രക്കടവ് ജലവൈദ്യുത പദ്ധതി - ഒന്നാംഘട്ട പരിസ്ഥിതിക അനുമതി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചു. എന്നാൽ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ സംസ്ഥാന വനംവകുപ്പിന്റെ ശുപാർശപ്രകാരം സംസ്ഥാന സർക്കാർ നിരസിച്ചു.

8. പൂയംകുട്ടി ജലവൈദ്യുത പദ്ധതി
പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാർ
മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ
പരിഗണനയ്ക്കായി
നൽകിയിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ